"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള പഞ്ചായത്ത് രാജ് ആക്റ്റ് - പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2021-ലെ 2(1), 08.07.2021-ലെ 1(1) എന്നീ തീരുമാനങ്ങൾ റദ്ദു ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ എ) വകുപ്പ്

സ.ഉ.(സാധാ) നം.696/2025/LSGD  തീയതി, തിരുവനന്തപുരം, 15-03-2025

---

പരാമർശം:-

1. നെടുമ്പ്രം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2021-ലെ 2/1, 08.07.2021-ലെ 1/1 നമ്പർ തീരുമാനങ്ങൾ
2. നെടുമ്പ്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.07.2021-ലെ ബി-1703/2021 നമ്പർ കത്ത്
3. നെടുമ്പ്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.7.2021-ലെ ബി1-1703/2021 നമ്പർ കത്ത്.
4. 18/08/2021-ലെ സ.ഉ.(സാധാ) നം. 1596/2021/തസ്വഭവ
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ റഫറൻസ് നമ്പർ 04/2021, അപ്പീൽ നമ്പർ 23/2022 എന്നിവയിലെ 04.06.2024-ലെ പൊതു ഉത്തരവ്

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ നെടുമ്പ്രം വില്ലേജ് ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വേ നമ്പർ 131/8-ൽപ്പെട്ട സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ മൊബൈൽ ടവർ നിർമ്മിക്കുന്നത് പെർമിറ്റ് അനുവദിക്കുന്നതിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മൊബൈൽ ടവർ ടി സ്ഥലത്ത് സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് സമ്മതം നൽകാൻ സാധ്യമല്ലെന്ന് പരാമർശം (1)-ലെ 30.06.2021-ലെ 2/1 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിച്ചിരുന്നു. ആവശ്യമായ രേഖകൾ സഹിതം പെർമിറ്റിന് അപേക്ഷിച്ചിട്ടുള്ള റിലയൻസ് ജിയോ ഇൻഫോകോം കമ്പനിക്ക് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം പെർമിറ്റ് നൽകാതിരിക്കാൻ നിവൃത്തിയില്ലെന്നും അതിനാൽ ടി തീരുമാനം പുനരവലോകനം ചെയ്യണമെന്നും പഞ്ചായത്ത് സെക്രട്ടറി കമ്മിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം 08.07.2021-ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പുനരവലോകനം ചെയ്യുകയും പരാതിക്കാരുടെയും പ്രദേശവാസികളുടെയും ആവശ്യം ന്യായമായതിനാൽ മുൻതീരുമാനം പുനരവലോകനം നടത്താൻ സാധ്യമല്ലെന്ന് പരാമർശം (1)-ലെ 08.07.2021-ലെ 1/1 നമ്പരായി ഐകകണ്ഠ്യേന തീരുമാനിക്കുകയും ചെയ്യുകയുണ്ടായി.

2) നെടുമ്പ്രം പഞ്ചായത്ത് ഭരണസമിതിയുടെ ടി തീരുമാനങ്ങൾ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 29(3) അനുസരിച്ച് പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പുനഃപരിശോധിച്ച് സർക്കാരിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മുൻതീരുമാനം പുനപരിശോധിക്കേണ്ടതില്ലെന്ന് 28.07.2021-ലെ 1/1 നമ്പർ തീരുമാനത്തിൽ ഭരണസമിതി ഏകകണ്ഠമായി അംഗീകരിച്ച് തീരുമാനിച്ചതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) തുടർന്ന് നെടുമ്പ്രം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ക്രമവിരുദ്ധമായ 30.06.2021-ലെ 2/1, 08.07.2021-ലെ 1/1, നമ്പർ തീരുമാനങ്ങൾ, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191(4) വകുപ്പ് പ്രകാരം സ്റ്റേ ചെയ്യും, പ്രസ്തുത തീരുമാനങ്ങൾ 191(2) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യും പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

4) കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കുന്നത് സെക്രട്ടറി കൈകാര്യം ചെയ്യേണ്ട വിഷയമാണെന്നും സെക്രട്ടറിയുടെ പ്രത്യേക അധികാരപരിധിയിൽ പഞ്ചായത്ത് കമ്മിറ്റിക്ക് ഇടപെടാൻ കഴിയില്ലെന്നും അതിനാൽ കെട്ടിട പെർമിറ്റ് നൽകരുതെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2021-ലെ 2/1, 08.07.2021-ലെ 1/1 എന്നീ രണ്ട് തീരുമാനങ്ങളും പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 185B-യുടെ ലംഘനമാണെന്നും, അതിനാൽ കമ്മിറ്റിയുടെ രണ്ട് തീരുമാനങ്ങളും നിയമവിരുദ്ധമാണെന്നും സെക്രട്ടറിയുടെ നിലപാട് നിയമപരവും ആക്ടിനും ചട്ടങ്ങൾക്കും അനുസൃതവുമാണെന്നും പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2021 ലെ 2/1, 08.07.2021 ലെ 1/1 നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(1) പ്രകാരം റദ്ദു ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം-695035
പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട
പ്രസിഡന്റ്, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
സെക്രട്ടറി, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

Date: 15-03-2025 14:56:09

സെക്ഷൻ ഓഫീസർ